നം. 414/എ5/2019/കെ.എസ്.ബി.ബി. 05–02–2019

**മികച്ച ജൈവവൈവിധ്യ പരിപാലന സമിതി (ബി.എം.സി.) 2018 – പുരസ്ക്കാരത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു**

ജൈവവൈവിധ്യ നിയമം 2002, ജൈവവൈവിധ്യ ചട്ടങ്ങൾ 2004, കേരള സംസ്ഥാന ജൈവവൈവിധ്യ ചട്ടങ്ങൾ 2008 എന്നിവ പ്രകാരം കേരള സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പഷനുകൾ എന്നിവ ഉൾപ്പെടുന്ന 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ, പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണത്തിനും, ജൈവവിഭവങ്ങളുടെ സുസ്ഥിരോപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും, അതിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവ്വവുമായ പങ്കുവയ്ക്കൽ ഉറപ്പുവരുത്തുന്നതിനുമായി രൂപീകരിച്ചിട്ടുള്ള നിയമപരമായിട്ടുള്ള സംവിധാനമാണ് ബി.എം.സി. കൾ.

സംസ്ഥാനത്തെ ബി.എം.സി. കളെ നിയമാനുസൃത ചുമതലകളെപ്പറ്റി ശാക്തീകരണം നൽകി, പ്രവർത്തന സജ്ജരാക്കുന്നതിന്റെ ഭാഗമായി, 2013 മുതൽ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് സംസ്ഥാനത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ബി.എം.സി. യ്ക്ക് പുരസ്ക്കാരം നൽകി വരുന്നു. ഒരോ വർഷത്തെയും ബി.എം.സി. കളുടെ പ്രവർത്തനത്തെ ആസ്പദമാക്കിയാണ് അതാത് വർഷത്തെ പുരസ്ക്കാരത്തിന് പരിഗണിക്കുന്നത്. ജൈവവൈവിധ്യ നിയമവും ചട്ടങ്ങളും പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിലുള്ള ബി.എം.സി. യുടെ പ്രവർത്തനം, 13–05–2013 ലെ സ.ഉ. (അച്ചടി) നം. 04/13/പരി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, പ്രാദേശികമായിട്ടുള്ള പാരിസ്ഥിതിക ശോഷണം തടയുന്നതിനായി, പ്രാദേശിക പരിസ്ഥിതി 'കാവൽസംഘ'ങ്ങൾ എന്ന നിലയിലുള്ള ബി.എം.സി. യുടെ പ്രവർത്തനം എന്നിവയാണ് പുരസ്ക്കാര നിർണ്ണയത്തിനായി മുഖ്യമായും പരിഗണിക്കുന്ന വിഷയങ്ങൾ.

ഒരു ലക്ഷം രൂപയും ഫലകവും പ്രശസ്തി പത്രവും അടങ്ങിയതാണ് മികച്ച ബി.എം.സി. പുരസ്ക്കാരം. ഇതോടൊപ്പമുള്ള നിശ്ചിത പ്രൊഫോർമ ഡൗൺലോഡ് ചെയ്ത്, ആവശ്യമായ രേഖകൾ സഹിതം അപേക്ഷിക്കേണ്ടതാണ്. പ്രൊഫോർമയിൽ രേഖപ്പെടുത്തുന്ന വിവരങ്ങൾക്ക് കൃത്യതയുണ്ടായിരിക്കണം. എല്ലാ കോളങ്ങളും നിർബന്ധമായും പൂരിപ്പിക്കേണ്ടതാണ്. **അപേക്ഷകൾ ബോർഡിന്റെ ജില്ലാ കോർഡിനേറ്ററുടെ ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ്.** അല്ലാത്തപക്ഷം അപേക്ഷ സ്വീകരിക്കുന്നതല്ല. പുരസ്ക്കാരത്തിനായി സമർപ്പിക്കുന്ന രേഖകൾ ബോർഡിന്റെ പരിശോധനയ്ക്കായി ഉപയോഗിക്കേണ്ടതും രേഖകളായി സൂക്ഷിക്കേ

ണ്ടതുമായതിനാൽ തിരികെ നൽകുന്നതല്ല. സമർപ്പിക്കപ്പെടുന്ന അപേക്ഷകളുടെ പ്രാഥമികതല പരിശോധന ബോർഡിൽ നടത്തി, യോഗ്യരായിട്ടുള്ള ബി.എം.സി. കളിൽ ബോർഡിന്റെ പ്രതിനിധികൾ നേരിട്ട് സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തുന്നതാണ്. അവസാനഘട്ടത്തിൽ ഉൾപ്പെടുന്നവരിൽ നിന്നും ബോർഡ് തെരഞ്ഞെടുക്കുന്ന വിധികർത്താക്കളുടെ വിദഗ്ദ സംഘം പുരസ്ക്കാര ജേതാവിനെ തെരഞ്ഞെടുക്കുന്നതാണ്. മികച്ച പ്രവർത്തനം നടത്തിയിട്ടുള്ള ഒന്നിൽ കൂടുതൽ ബി.എം.സി. കളുണ്ടാകുന്ന പക്ഷം, പുരസ്ക്കാര തുക തുല്യമായി വീതിച്ചു നൽകുന്നതാണ്. മുൻ വർഷങ്ങളിലെ മികച്ച ബി.എം.സി. പുരസ്ക്കാര ജേതാക്കൾ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

മേൽപ്പറഞ്ഞ മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നതിന് സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന് പൂർണ്ണാധികാരം ഉണ്ടായിരിക്കുന്നതാണ്. പുരസ്ക്കാര നിർണ്ണയം സംബന്ധിച്ച് ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ബോർഡിന്റെ ഹെഡ് ഓഫീസുമായോ, അതാത് ജില്ലകളിലെ കോർഡിനേറ്റർമാരെയോ ബന്ധപ്പെടാവുന്നതാണ്. അപേക്ഷകൾ ബോർഡിന്റെ മേൽവിലാസത്തിൽ അയക്കേണ്ടതാണ്. ഇ-മെയിലിലൂടെയുള്ള അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി: 10-03-2019 വൈകുന്നേരം 5 മണി വരെ.**

**ബന്ധപ്പെടേണ്ട നമ്പർ: ഹെഡ് ഓഫീസ് - 0471-2553135**

**കെ.എസ്.ബി.ബി. ജില്ലാ കോർഡിനേറ്റർമാരെ ബന്ധപ്പെടേണ്ട നമ്പരും ഇ-മെയിലും**

| ക്രമ നം. | ജില്ലാ കോർഡിനേറ്ററുടെ പേര് | ജില്ല | മൊബൈൽ നം. & ഇ-മെയിൽ |
|---|---|---|---|
| 1 | ശ്രീമതി. ലാലി വർഗ്ഗീസ് (ഇൻ ചാർജ്ജ്) | തിരുവനന്തപുരം | 9895133841 lalvihar28@gmail.com |
| 2 | പ്രൊഫ. പി. രാധാകൃഷ്ണകുറുപ്പ് | കൊല്ലം | 9446792779 kurupprayar@gmail.com |
| 3 | പ്രൊഫ. വി.രമാദേവി | പത്തനംതിട്ട | 9447895199 remadevivijayalakshmi@gmail.com |
| 4 | ഡോ. സുശീല കുരുവിള | ആലപ്പുഴ | 9895110389 deepakindu2000@yahoo.co.in |
| 5 | ശ്രീമതി. അഞ്ജു ഷിനോയ് (ഇൻ ചാർജ്ജ്) | കോട്ടയം | 9947330197 anjuna.shinoy@gmail.com |
| 6 | ശ്രീ. എൻ. രവീന്ദ്രൻ | ഇടുക്കി | 9447753482 nravindran.n@gmail.com |

| | | | |
|---|---|---|---|
| 7 | ശ്രീ. പി.കെ. രാമചന്ദ്രൻ | എറണാകുളം | 9847074980<br>ramachandranpranavam@gmail.com |
| 8 | ശ്രീമതി. വി. ശർമ്മിള<br>(ഇൻ ചാർജ്ജ്) | തൃശ്ശൂർ | 9496606812<br>sharmilabiodiversity@gmail.com |
| 9 | ശ്രീ. ബാബു ബൊണാവെഞ്ചർ | പാലക്കാട് | 8075733843<br>babubam@gmail.com |
| 10 | ശ്രീ. ഹൈദ്രസ്കുട്ടി | മലപ്പുറം | 8089898600<br>hydresskuttypk@yahoo.com |
| 11 | ശ്രീ. സി. സുരേന്ദ്രനാഥ് | കോഴിക്കോട് | 9605770702<br>c.surendranath@gmail.com |
| 12 | ശ്രീ. പി.എ. അജയൻ | വയനാട് | 9496343843<br>p.a.ajayan@gmail.com |
| 13 | ശ്രീ. സനേഷ് എം.ടി.<br>(ഇൻ ചാർജ്ജ്) | കണ്ണൂർ | 9544068642<br>saneshpanniyoor@gmail.com |
| 14 | ശ്രീ. പി. കൃഷ്ണൻ | കാസർഗോഡ് | 9495512356<br>krishnanoppa@gmail.com |

**അപേക്ഷകൾ അയയ്ക്കേണ്ട വിലാസം:**

മെമ്പർ സെക്രട്ടറി

എൽ–14, ജയ് നഗർ

മെഡിക്കൽ കോളേജ് പി.ഒ.

തിരുവനന്തപുരം – 695 011

## കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

## മികച്ച ജൈവവൈവിധ്യ പരിപാലന സമിതി പുരസ്ക്കാരം 2018

## പ്രൊഫോർമ

## അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 10-03-2019

| | | |
|---|---|---|
| 1 | ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷന്റെ പേര്, അഡ്രസ്സ് | |
| | ബ്ലോക്ക് | |
| | ജില്ല | |
| | ഇ–മെയിൽ | |
| | ഫാക്സ്/ഫോൺ | |
| 2 | ബി.എം.സി. രൂപീകരിച്ച് തീയതി | |
| 2.1 | ബി.എം.സി. ചെയർപേഴ്സണിന്റെ പേര്, അഡ്രസ്സ് | |
| | ഇ–മെയിൽ | |
| | മൊബൈൽ നം. | |
| 2.2 | ബി.എം.സി. സെക്രട്ടറിയുടെ പേര്, അഡ്രസ്സ് | |
| | ഇ–മെയിൽ | |
| | മൊബൈൽ നം. | |
| 2.3 | ബി.എം.സി. അംഗത്തിന്റെ പേര്, അഡ്രസ്സ് (കൺവീനർ) | |
| | ഇ–മെയിൽ | |
| | മൊബൈൽ നം. | |
| 2.4 | ബി.എം.സി. അംഗത്തിന്റെ പേര്, അഡ്രസ്സ് (വനിത) | |
| | ഇ–മെയിൽ | |
| | മൊബൈൽ നം. | |
| 2.5 | ബി.എം.സി. അംഗത്തിന്റെ പേര്, അഡ്രസ്സ് (വനിത) | |
| | ഇ–മെയിൽ | |
| | മൊബൈൽ നം. | |
| 2.6 | ബി.എം.സി. അംഗത്തിന്റെ പേര്, അഡ്രസ്സ് (എസ്.സി./എസ്.റ്റി) | |
| | ഇ–മെയിൽ | |
| | മൊബൈൽ നം. | |

| | | |
|---|---|---|
| 2.7 | ബി.എം.സി. അംഗത്തിന്റെ പേര്, അഡ്രസ്സ് | |
| | ഇ–മെയിൽ | |
| | മൊബൈൽ നം. | |
| 2.8 | ബി.എം.സി. അംഗത്തിന്റെ പേര്, അഡ്രസ്സ് | |
| | ഇ–മെയിൽ | |
| | മൊബൈൽ നം. | |
| 3 | 2018 ൽ ബി.എം.സി. നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്തരൂപം (രണ്ടു പേജിൽ ചുരുക്കി എഴുതുക) | |
| 4 | 2018 ൽ ബി.എം.സി. നടപ്പിലാക്കിയ പരിസ്ഥിതി–ജൈവവൈവിധ്യ സംരക്ഷണ പദ്ധതികളുടെ എണ്ണം | |
| 5 | മേഖലാടിസ്ഥാനത്തിലുള്ള സംഭാവനകൾ (സംക്ഷിപ്ത രൂപേണ നൽകുക) | |
| 5.1 | ജൈവവൈവിധ്യം അതിന്റെ സുസ്ഥിര ഉപയോഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ/ പദ്ധതികൾ | |
| 5.2 | ജൈവവൈവിധ്യവും അതുമായി ബന്ധപ്പെട്ട പരമ്പരാഗത വിജ്ഞാനങ്ങളെ ആസ്പദമാക്കി നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ/ പ്രോജക്ടുകൾ (അറിവിലേയ്ക്കുള്ള പ്രവേശനാനുമതി നൽകൽ അതിലൂടെ ലഭ്യമായ ഗുണങ്ങളുടെ തുല്യവും നീതിപൂർവ്വകവുമായ പങ്കുവയ്ക്കൽ (Access and benefit sharing) | |
| 5.3 | കാർഷിക ജൈവവൈവിധ്യ സംരക്ഷണം – പരമ്പരാഗത കാർഷിക വിളകളുടെ സംരക്ഷണം, ജൈവകൃഷി, വിപണനം തുടങ്ങിയവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ | |
| 5.4 | ആവാസവ്യവസ്ഥാ സംരക്ഷണ പ്രവർത്തനങ്ങൾ, പദ്ധതികൾ (തണ്ണീർത്തട സംരക്ഷണം, കണ്ടൽക്കാട്, കാവ് സംരക്ഷണം തുടങ്ങിയവ) | |
| 5.5 | വനവൽക്കരണ പ്രവർത്തനങ്ങൾ (സാമൂഹ്യ വൽക്കരണം, ജൈവവൈവിധ്യ ബോർഡിന്റെ 'ശാന്തിസ്ഥൽ' പദ്ധതി തുടങ്ങിയവ) | |

| | | |
|---|---|---|
| 5.6 | പരിസ്ഥിതി സൗഹൃദ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ,<br>പദ്ധതികൾ | |
| 5.7 | കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾ, പദ്ധതികൾ | |
| 5.8 | കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്നതിനുള്ള പ്രാദേശികതല കർമ്മപദ്ധതികൾ | |
| 5.9 | ഔഷധ സസ്യ സംരക്ഷണം, കൃഷി, സുസ്ഥിര ഉപയോഗം, വിപണനം (കൊടുക്കൽ, വാങ്ങൽ പ്രക്രിയയിലൂടെ നടത്തുന്ന വിപണനം) | |
| 5.10 | പരിസ്ഥിതിയുടെ 'കാവൽസംഘം' എന്ന നിലയിൽ ബി.എം.സിയുടെ പ്രവർത്തനങ്ങൾ<br>(Go No.4/13/Envt/Dt-13.05.2013 ഉത്തരവ് പ്രകാരം) | |
| 5.11 | ആദിവാസി സമുദായങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള ജൈവവൈവിധ്യാധിഷ്ഠിത പ്രവർനത്തനങ്ങൾ/ പദ്ധതികൾ<br>(വനവിഭവ ശേഖരണം, സംഭരണം, സംസ്ക്കരണം, വിപണനം, മൂല്യാധിഷ്ഠിത ഉല്പന്ന നിർമ്മാണം, വിപണനം തുടങ്ങിയവ) | |
| 5.12 | ബി.എം.സി. യുടെ അധികാരപരിധിയിൽ പ്രവർത്തിക്കുന്ന ജൈവവൈവിധ്യ ക്ലബ്ബുകളുടെ എണ്ണം, വിശദാംശങ്ങൾ, പ്രവർത്തനങ്ങൾ, പദ്ധതികൾ | |
| 5.13 | മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് പുറമേ മറ്റെന്തെങ്കിലും പ്രവർത്തനങ്ങളോ/പദ്ധതികളോ നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ പ്രത്യേകം എഴുതുക. | |
| 6 | ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) തയ്യാറാക്കിയ വർഷം | |

| | | |
|---|---|---|
| 7 | ജൈവവൈവിധ്യ രജിസ്റ്ററിനെ ആസ്പദമാക്കി നടപ്പിലാക്കിയിട്ടുള്ള സംരക്ഷണ പ്രവർത്തന ങ്ങൾ<br>(ഉദാ:- പരമ്പരാഗത ഇനങ്ങളുടെ സംരക്ഷണം, ജൈവവൈവിധ്യ<br>പരിപോഷണ പ്രവർത്തനങ്ങൾ തുടങ്ങിയവ) | |
| 8 | ജൈവവൈവിധ്യ ബോർഡിന്റെ ധനസഹായ ത്തോടെ നടപ്പിലാക്കിയിട്ടുള്ള<br>പദ്ധതികൾ / മറ്റു പ്രവർത്തനങ്ങൾ. | |
| 9 | പ്രാദേശിക ജൈവവൈവിധ്യ ഫണ്ട് രൂപീകരി ച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അക്കൗണ്ട് നമ്പർ | |
| 10 | 2018 ൽ ബി.എം.സി. ചേർന്നിട്ടുള്ള യോഗങ്ങ ളുടെ എണ്ണം (തീരുമാനങ്ങളുൾപ്പെടെ) | |
| 11 | 2018 വാർഷിക റിപ്പോർട്ട് ബോർഡിൽ സമർപ്പി ച്ചിട്ടുണ്ടോ? | |

**കുറിപ്പ്:** 2018-ൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ/ പദ്ധതികൾ എന്നിവയുടെ റിപ്പോർട്ട്, പത്ര വാർത്തകൾ, വീഡിയോകൾ, ഫോട്ടോകൾ തുടങ്ങിയവ അനുബന്ധമായി ഉൾക്കൊള്ളിക്കേണ്ടതാണ്.

ബി.എം.സി. സെക്രട്ടറിയുടെ പേരും ഒപ്പും

ബി.എം.സി. ചെയർപേഴ്സണിന്റെ പേരും ഒപ്പും

(ഓഫീസ് സീൽ)

ജൈവവൈവിധ്യ ബോർഡ് ജില്ലാ കോർഡിനേറ്ററുടെ പേരും ഒപ്പും